പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 11/06/2019-ൽ

നിയമസഭാ ചോദ്യം നം. *119 മറുപടിയ്ക്ക്

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.കെ. ശശി**<br>**ശ്രീ.എ. എൻ. ഷംസീർ**<br>**ശ്രീ.ആർ. രാജേഷ്**<br>**ശ്രീ.സി.കെ. ഹരീന്ദ്രൻ** | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; കിഫ്ബിയിൽ നിന്ന് ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഓരോ മണ്ഡലത്തിലും ഓരോ സ്കൂളിനെ ഉൽകൃഷ്ട സ്ഥാപനം (സെന്റർ ഓഫ് എക്സലൻസ്) ആക്കി ഉയർത്താനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതിയുടെ പുരോഗതി മേഖലാടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ ഒരോ സ്കൂളുകളുടേയും പ്രവർത്തനപുരോഗതി പ്രത്യേകം അവലോകനം നടത്തിയശേഷം കരാറുകാരുടെ യോഗം വിളിക്കുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വേണ്ടത്ര പുരോഗതി കൈവരിക്കാത്ത പ്രവൃത്തികൾ പ്രത്യേകമായി നിരീക്ഷിക്കുകയും നിർമ്മാണപ്രവൃത്തികൾ ത്വരിതപ്പെടുത്തുവാനുള്ള കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം കരാറുകാർക്ക് നിയമപരമായ നടപടികൾ കൈക്കൊള്ളുമെന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുമുണ്ട്.<br><br>മികവിന്റെ കേന്ദ്രമായി തിരഞ്ഞെടുത്ത 141 സ്കൂളുകൾക്ക് 687.63 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി തിരഞ്ഞെടുത്ത 213 സ്കൂളുകളിൽ കിഫ്ബിയുടെ അനുമതി ലഭിച്ച 185 സ്കൂളുകൾക്കായി 550.04 കോടി രൂപയും ചേർത്ത് ആകെ 1237.67 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉത്കൃഷ്ട സ്ഥാപനങ്ങൾ (Centre of Excellence) ആയി ഉയർത്തുന്ന 137 സ്കൂളുകളുടെ നിർമ്മാണ പുരോഗതി താഴെക്കൊടുക്കുന്നു.<br><br>1. 75%ന് മുകളിൽ പ്രവർത്തന പുരോഗതി<br>കൈവരിച്ചവ - 20 |

2. 50%ന് മുകളിൽ പുരോഗതി കൈവരിച്ചവ - 27

3. 50% ന് താഴെ പുരോഗതി കൈവരിച്ചവ - 90

4. ഉത്കൃഷ്ട സ്ഥാപനമായി തിരഞ്ഞെടുത്ത (Centre of Excellence) ബാക്കി 4 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ആയിരം വിദ്യാർത്ഥികളിലധികമുള്ള വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി എത്ര വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരം വിദ്യാർത്ഥികളിലധികമുള്ള വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 115 സ്കൂളുകൾക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. അതിൽ മാസ്റ്റർ പ്ലാനിൽ മാറ്റങ്ങൾ വേണമെന്നാവശ്യപ്പെട്ട 7 സ്കൂളുകൾ ഒഴികെ ബാക്കി 108 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികളിലാണ്. 28 സ്കൂളുകളുടെ ഭരണാനുമതി ലഭിച്ചത് കിഫ്ബിയുടെ സാമ്പത്തികാനുമതിയ്ക്കായി കാത്തിരിക്കുന്നു.

2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) കിഫ്ബി സഹായം ലഭിക്കാത്ത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; എയ്ഡഡ് സ്കൂളുകൾക്കുള്ള മാച്ചിംഗ് ഗ്രാന്റ് പദ്ധതി പ്രകാരം എത്ര സ്കൂളുകളാണ് കരട്ടുപദ്ധതി സമർപ്പിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

(സി) സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ, എയ്ഡഡ് വിഭാഗങ്ങളിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2017-18 വർഷം 12,000/- ലക്ഷം രൂപയും, 2018-19 വർഷം 17,000/- ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 86 സ്കൂളുകൾ മാച്ചിംഗ് ഗ്രാന്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് വിഹിതം ട്രഷറിയിൽ നിക്ഷേപിച്ച രേഖകൾ ഹാജരാക്കിയ 44 സ്കൂളുകൾക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

Namitha. T

**സെക്ഷൻ ഓഫീസർ**